**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206** **07-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മുണ്ടൂർ-തൂത റോഡിന്റെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. നിർമ്മാണ ചുമതല നിർവ്വഹിക്കുന്ന പാലക്കാട് ജില്ലയിലെ മുണ്ടൂർ-തൂത റോഡിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ മുണ്ടൂർ മുതൽ തൂത വരേയുള്ള 37.134 കി.മീ നീളത്തിലുള്ള റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 37.134 കി.മീ റോഡ് വീതി കൂട്ടുന്നതിൽ 25.58കി.മീ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. 9.6 കി.മീ നീളത്തിൽ ഡി.ബി.എം നിർമ്മാണവും, 0.60 കി.മീ നീളത്തിൽ ബി.സി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളിലുമായി 68.76 കി.മീ നീളംവരുന്ന ഓടയുടെ നിർമ്മാണത്തിൽ 62.24 കി.മീ ദൈർഘ്യത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 110 കലുങ്കുകളിൽ 83 എണ്ണവും 2 പാലം വീതി കൂട്ടുന്നതിൽ ഒന്നും പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 20.04.2024-ൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ